# കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ പ്രത്യേക വിഭാഗം, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 695012

ഫോൺ : 0471 – 2342950, 2342271, 2342369 ഫാക്സ് : 0471 – 2344841 www.openschool.kerala.gov.in, www.ksosonline.in
email: ksos8581@gmail.com

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ-ഹയർസെക്കൻഡറി കോഴ്സ്-2015-17 ബാച്ച് പ്രവേശന അറിയിപ്പ്

നമ്പർ: പി.എ/2479/2015/കെ.എസ്.ഒ.എസ്./എസ്.സി.ഇ.ആർ.ടി. തീയതി:05.08.2015

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നടത്തുന്ന ഹയർസെക്കൻഡറി-ഓപ്പൺ റഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ 2015-17 ബാച്ച് രജിസ്ട്രേഷന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

www.ksosonline.in എന്ന വെബ്സൈറ്റിൽ 07.08.2015 മുതൽ ഓൺലൈനിൽ രജിസ്ട്രേഷൻ നടത്താവുന്നതാണ്. പ്രവേശന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ഓപ്പൺ റഗുലർ കോഴ്സ്

### പഠന വിഷയങ്ങൾ

പാർട്ട് I ഇംഗ്ലീഷ് (നിർബന്ധം), പാർട്ട് II ഉപഭാഷ (മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്ക്, ജർമ്മൻ, റഷ്യൻ ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്)

പാർട്ട് III ഐച്ഛിക വിഷയങ്ങൾ

### സയൻസ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 01 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി. |
| 05 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, കംപ്യൂട്ടർ സയൻസ്. |
| 09 | ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സൈക്കോളജി |

### ഹ്യൂമാനിറ്റീസ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി. |
| 16 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യൽ വർക്ക് |
| 30 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് |

### കൊമേഴ്സ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 36 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| 37 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് |
| 38 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |
| 39 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |

### കോഴ്സ് ഫീസ്

ഓപ്പൺ റഗുലർ വിദ്യാർഥികൾക്ക് കോഴ്സ് ഫീസ് ഒറ്റ ഗഡുവായോ രണ്ടു ഗഡുക്കളായോ ഒടുക്കുവാനുള്ള അവസരം ലഭ്യമാണ്.

### ഫീസ് ഘടന

| സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ | ഒന്നാം തവണ | | | രണ്ടാം തവണ | ആകെ |
|---|---|---|---|---|---|---|
| | | ഫീസ് | കോഷൻ ഡിപ്പോസിറ്റ് | ആകെ | | |
| **സയൻസ്** | | | | | | |
| 01 | ബയോളജി | 1960 | 500 | 2460 | 750 | 3210 |
| 05 | കമ്പ്യൂട്ടർ സയൻസ് | 2060 | 600 | 2660 | 750 | 3410 |
| 09 | സൈക്കോളജി | 1960 | 500 | 2460 | 750 | 3210 |
| **ഹ്യൂമാനിറ്റീസ്** | | | | | | |
| 11 | സോഷ്യോളജി | 960 | Nil | 960 | 750 | 1710 |
| 16 | സോഷ്യൽ വർക്ക് | 960 | Nil | 960 | 750 | 1710 |
| 30 | സ്റ്റാറ്റിസ്റ്റിക്സ് | 960 | Nil | 960 | 750 | 1710 |
| **കോമേഴ്സ്** | | | | | | |
| 36 | മാത്തമാറ്റിക്സ് | 960 | Nil | 960 | 750 | 1710 |
| 37 | സ്റ്റാറ്റിസ്റ്റിക്സ് | 960 | Nil | 960 | 750 | 1710 |
| 38 | പൊളിറ്റിക്കൽ സയൻസ് | 960 | Nil | 960 | 750 | 1710 |
| 39 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 1460 | 100 | 1560 | 750 | 2310 |

### സവിശേഷതകൾ

- ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട ഹയർസെക്കൻഡറി സ്കൂളുകളിൽ അവധി ദിവസങ്ങളിൽ സമ്പർക്ക ക്ലാസ്.
- ഒന്നും രണ്ടും വർഷങ്ങളിൽ ഓരോ വിഷയത്തിനും 30 മണിക്കൂർ വീതം സമ്പർക്ക ക്ലാസുകൾ നൽകുന്നു. കൂടാതെ പ്രാക്ടിക്കൽ വിഷയങ്ങൾക്കായി രണ്ടാം വർഷം 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്.
- വിദ്യാർഥികൾക്ക് ഹയർസെക്കൻഡറി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിലേക്കായി സ്വയം പഠിക്കാൻ സഹായകമായ ഭാഷയിലുള്ള സ്വയംപഠനസഹായി.

## പ്രൈവറ്റ് രജിസ്ട്രേഷൻ

### പഠന വിഷയങ്ങൾ

പാർട്ട് I ഇംഗ്ലീഷ് (നിർബന്ധം), പാർട്ട് II ഉപഭാഷ(മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്ക്, ജർമ്മൻ, റഷ്യൻ ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്)

പാർട്ട് III ഐച്ഛിക വിഷയങ്ങൾ

### ഹ്യൂമാനിറ്റീസ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി. |
| 15 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി |
| 18 | ഇസ്ലാമിക്ഹിസ്റ്ററി&കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| 28 | ഹിസ്റ്ററി, ഇക്കണോമിക്സ്, സംസ്കൃതം(സാഹിത്യം), സംസ്കൃതം(ശാസ്ത്രം) |
| 46 | ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, അറബിക് |

### കൊമേഴ്സ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 36 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി(A.F.S.), ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| 38 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി(A.F.S.), ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |

### കോഴ്സ് ഫീസ്

460/-രൂപ - ഒരുമിച്ച് ഒടുക്കേണ്ടതാണ്

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് നിരന്തരസമഗ്രമൂല്യനിർണയത്തിന്റെ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒന്നും രണ്ടും വർഷങ്ങളിൽ വിദ്യാർഥികൾക്കായി അനുവദിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ വച്ച് രണ്ടു ദിവസത്തെ ഓറിയന്റേഷൻ ക്ലാസ് നൽകും.

### പ്രവേശന യോഗ്യത

എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയവയിൽ വിജയം/ഉപരിപഠന യോഗ്യത, അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച മറ്റ് തത്തുല്യയോഗ്യതാ (സാക്ഷരതാമിഷൻ-എ-ലെവൽ തുടങ്ങിയ) സർട്ടിഫിക്കേറ്റ്.

ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വന്നശേഷം കേരള സംസ്ഥാന സിലബസിൽ പത്താംതരം യോഗ്യതാപരീക്ഷ എഴുതിയവർ എല്ലാ വിഷയങ്ങൾക്കും കുറഞ്ഞത് D+ഗ്രേഡോടുകൂടി ഉപരിപഠനത്തിനുള്ള അർഹത നേടിയിരിക്കണം. മറ്റ് വിഭാഗങ്ങളിൽ നിർദ്ദിഷ്ടയോഗ്യത നേടിയവർ എല്ലാ വിഷയങ്ങൾക്കും അതത് പരീക്ഷാ ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള ഉപരിപഠനയോഗ്യത/വിജയിക്കുന്നതിനുള്ള മാർക്ക്/ഗ്രേഡ് നേടിയിരിക്കണം. മറ്റ് സംസ്ഥാന ബോർഡുകൾ, വിദേശരാജ്യങ്ങളിലെ വിവിധ ബോർഡുകൾ എന്നിവ മുഖേന നേടിയ തത്തുല്യയോഗ്യതാ സർട്ടിഫിക്കറ്റ് സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി പരിഗണിക്കും.

### അപേക്ഷകർക്ക് ഉയർന്ന പ്രായപരിധി ഇല്ല

- എൻ.ഐ.ഒ.എസ്. മുഖാന്തിരം നിർദ്ദിഷ്ട യോഗ്യത നേടിയ വിദ്യാർഥികളുടെ പ്രവേശനം സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.

- ♦ ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾ മാത്രം നിശ്ചിത ഫീസ് - ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എന്ന പേരിൽ പൂജപ്പുര എസ്.ബി.ടിയിൽ മാറാവുന്ന തരത്തിൽ ഡി.ഡി.യായി സമർപ്പിക്കേണ്ടതാണ്.
- ♦ ഓപ്പൺ സ്കൂൾ ചെലാൻ ഓപ്പൺ സ്കൂൾ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുക്കാനുള്ള സൗകര്യം ചെയ്തിട്ടുണ്ട്.
- ♦ ഓപ്പൺ സ്കൂൾ ചെലാനിൽ മാത്രം രജിസ്ട്രേഷൻ ഫീസ് ഒടുക്കുക. ട്രഷറി ചെലാൻ സ്വീകരിക്കുന്നതല്ല.

## പൊതുനിർദ്ദേശങ്ങൾ

- ❍ ഏതെങ്കിലും എസ്.ബി.ടി. ശാഖയിൽ ഓപ്പൺ സ്കൂൾ ചെലാനിൽ നിശ്ചിത ഫീസ് ഒടുക്കിയശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക.
- ❍ ഓൺലൈൻ രജിസ്ട്രേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിച്ചു മനസിലാക്കിയ ശേഷം നിർദ്ദിഷ്ട ഫീൽഡുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകുക. കോഴ്സുകളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ ഓപ്പൺ സ്കൂൾ 2015-17കൈപ്പുസ്തകം ഓപ്പൺ സ്കൂൾ വെബ് സൈറ്റിൽ (www.ksosonline.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- ❍ മുൻ വർഷങ്ങളിൽ ഹയർസെക്കൻഡറിയോ മറ്റ് തത്തുല്യ കോഴ്സുകളോ പഠിക്കുകയും ഇടയ്ക്ക് വച്ച് പഠനം നിർത്തുകയും ചെയ്ത വിദ്യാർഥികൾ മുൻ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തശേഷം മാത്രമേ പുതിയ രജിസ്ട്രേഷൻ നടത്താൻ പാടുള്ളൂ.
- ❍ ഓപ്പൺ സ്കൂൾ സംബന്ധമായ വിവരങ്ങൾക്ക് ജില്ലാകേന്ദ്രങ്ങൾ മുഖേനയും ഓപ്പൺ സ്കൂൾ മേഖലാ, സംസ്ഥാന ഓഫീസ് മുഖേനയും സംശയനിവാരണം നടത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾ 0471 - 2342950, 2342271 , 0483-2734295 എന്നീ ഫോൺ നമ്പറുകളിൽ നിന്നും ലഭ്യമാകുന്നതാണ്.
- ❍ ലക്ഷദ്വീപ് മേഖലയിൽ ഓപ്പൺ റഗുലർ കോഴ്സിന് പഠനകേന്ദ്രങ്ങൾ നിലവിലില്ല.
- ❍ എല്ലാ വിദ്യാർഥികളും ഓൺലൈൻ അപേക്ഷയിൽ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട വലിപ്പത്തിൽ ഫോട്ടോ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കി ഡൗൺലോഡ് ചെയ്ത് എടുക്കുന്ന അപേക്ഷാഫാറത്തിലെ ഫോട്ടോ ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- ❍ ഓൺലൈനായി രജിസ്റ്റർ ചെയ്തശേഷം അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത്, ഒരു പേപ്പറിന്റെ ഇരുവശങ്ങളിലുമായി പ്രിന്റ്ഔട്ട് എടുത്ത്, അതിനോടൊപ്പം നിർദ്ദിഷ്ടരേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ അപേക്ഷകൾ ഓപ്പൺ സ്കൂൾ മലബാർ മേഖലാ കേന്ദ്രത്തിലും മറ്റ് ജില്ലകളിലെ അപേക്ഷകൾ സംസ്ഥാന ഓഫീസിലും നേരിട്ടോ രജിസ്ട്രേഡ് തപാൽ മാർഗമോ നിർദ്ദിഷ്ട തീയതികൾക്കുള്ളിൽ നിർബന്ധമായും ലഭിച്ചിരിക്കേണ്ടതാണ്. സംസ്ഥാന, മേഖലാ ഓഫീസ് വിലാസം ചുവടെ ചേർത്തിട്ടുണ്ട്.
- ❍ പാഠപുസ്തക വിതരണം സി-ആപ്റ്റ് ജില്ലാകേന്ദ്രങ്ങൾ വഴിയാണ് വിതരണം നടത്തുന്നത്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ വിദ്യാർഥികൾക്ക് ഹയർസെക്കൻഡറി പാഠപുസ്തകങ്ങൾക്കായി കെ.എസ്.ഒ.എസ് ഓൺലൈൻ രജിസ്ട്രേഷൻ നടത്തി പ്രിന്റ് ഔട്ട് എടുത്തശേഷം സി-ആപ്റ്റിന്റെ അക്കൗണ്ടിൽ എസ്.ബി.ടി ശാഖയിൽ പാഠപുസ്തകവില *ഒടുക്കി സി-ആപ്റ്റിന്റെ പത്രദ്വാരായുള്ള അറിയിപ്പ് നൽകുന്ന മുറയ്ക്ക് സി-ആപ്റ്റിന്റെ ജില്ലാകേന്ദ്രങ്ങളിൽ നിന്നും പാഠപുസ്തകങ്ങൾ കൈപ്പറ്റാവുന്നതാണ്.* രജിസ്ട്രേഷൻ സമയത്ത് ലഭിച്ച Username, Password ഉപയോഗിച്ച് പാഠപുസ്തകത്തിന് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.
- ❍ പാഠപുസ്തകങ്ങളുടെ വില വെബ് സൈറ്റിൽ ലഭ്യമാണ്.

**ജില്ലാ കേന്ദ്രങ്ങളുടെയും മേഖലാ ഓഫീസിന്റെയും വിശദവിവരങ്ങൾ ഓപ്പൺ സ്കൂൾ വെബ് സൈറ്റിൽ ലഭ്യമാണ്.**

## ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ടിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- ☛ 2009 മുതൽ ആദ്യ ചാൻസിൽ എസ്.എസ്.എൽ.സി./സേ പരീക്ഷയിലൂടെയും പരീക്ഷായോഗ്യത നേടിയ വിദ്യാർഥികൾ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- ☛ Others എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യുന്ന എല്ലാ വിദ്യാർഥികളും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ്, യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- ☛ ഒറിജിനൽ ട്രാൻസ്ഫർസർട്ടിഫിക്കറ്റ് (ടി.സി.) (പ്രൈവറ്റ് ഓവറേയ്ജ്ഡ് ആയി നിർദ്ദിഷ്ടയോഗ്യത നേടിയ വിദ്യാർഥികൾ ടി.സി. ഹാജരാക്കേണ്ടതില്ല.)
- ☛ നിശ്ചിത രജിസ്ട്രേഷൻഫീസ് ഒടുക്കിയ എസ്.ബി.ടി. ഓപ്പൺ സ്കൂൾ ചെലാൻ ഒറിജിനൽ.
- ☛ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (കേരളത്തിനു പുറത്തു നിന്നും നിർദ്ദിഷ്ടയോഗ്യത നേടിയവർ).

സംസ്ഥാന ഓഫീസിന്റെ മേൽ വിലാസം-
**സ്റ്റേറ്റ് കോഡിനേറ്റർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്.സി.ഇ.ആർ.ടി.**
**വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012**

മേഖലാ ഓഫീസിന്റെ മേൽ വിലാസം-
**ജോയിന്റ് സ്റ്റേറ്റ് കോഡിനേറ്റർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, മലബാർ മേഖലാ കേന്ദ്രം**
**സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, മലപ്പുറം-676505**
**(പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ അപേക്ഷകൾ)**

| | | ഓപ്പൺ റഗുലർ | പ്രൈവറ്റ് |
|---|---|---|---|
| അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: | പിഴയില്ലാതെ | 31.08.2015 | 04.09.2015 |
| | 50 രൂപ പിഴയോടെ | 07.09.2015 | 11.09.2015 |
| | 250 രൂപ അധികപിഴയോടെ | 14.09.2015 | 17.09.2015 |

**ഡയറക്ടർ**